പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2305 15.07.2011 -ലെ മറുപടിക്ക്

## വളപട്ടണം - താഴെച്ചൊവ്വ ബൈപ്പാസ് നിർമ്മാണം

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

**ഉത്തരം**

വി.കെ.ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) കണ്ണൂർ നഗരത്തിലെ വളപട്ടണം പാലം മുതൽ താഴെച്ചൊവ്വ ഗേറ്റ് വരെയുള്ള ബൈപ്പാസ് നിർമ്മാണ നടപടികൾ ഏതുവരെയായി ;

(എ) കണ്ണൂർ നഗരത്തിലെ വളപട്ടണം പാലം മുതൽ താഴെച്ചൊവ്വ ഗേറ്റ് വരെയുള്ള ബൈപ്പാസ് കണ്ണൂർ മുതൽ വെങ്ങളം വരെയുള്ള നിർദ്ദിഷ്ട ബൈപ്പാസിനുള്ളിൽ വരുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറ് നൽകുകയും 24.02.2010 ന് എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു. എന്നാൽ സ്ഥലമെടുപ്പ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല.

(ബി) ഈ ബൈപ്പാസിന്റെ നിർമ്മാണ നടപടി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) സ്ഥലമെടുപ്പ് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കു. പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം സ്ഥലമെടുപ്പ് തൽക്കാലം നിർത്തിവെച്ചിരിക്കുകയാണ്. പാക്കേജ് തയ്യാറായി വരുന്നു.

സെക്ഷൻ ഓഫീസർ